## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188 | 23.3.2012-ൽ മറുപടിക്ക്.

### റയിൽവേ വികസനത്തിനുള്ള തടസ്സങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.പി.ബി. അബ്ദുൾ റസാക്:<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റയിൽവേ വികസനത്തിന് തടസ്സമാവുന്ന കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | റെയിൽവെയ്ക്ക് ഇതുവരെ പൂർത്തിയാകാത്ത ധാരാളം പദ്ധതികളുണ്ടെന്നും ആവശ്യമായ ബഡ്ജറ്റ് സഹായം ഇല്ലാത്തതിനാൽ ഈ പദ്ധതികൾ ഒന്നും തന്നെ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുകയില്ല എന്നും ഒരു ലക്ഷം കോടി രൂപയ്ക്ക് മുകളിൽ വേണ്ടി വരുന്ന പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, പുതിയ ലൈനുകൾ തുടങ്ങിയ പദ്ധതികളുടെ പണികൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നതായും 2012-13 ലെ കേന്ദ്ര റെയിൽവേ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു. റയിൽവേയുടെ ആധുനികവല്ക്കരണത്തിന് ധന സ്രോതസ്സുകളും തൊഴിൽ വൈഗ്ദ്ധ്യമുള്ള മനുഷ്യാദ്ധ്വാനവും ആവശ്യമാണ്. അതിനാൽ വിഭവ സമാഹരണത്തിനും, റയിൽവേയുടെ ആധുനികവൽക്കരണത്തിനുമായി സാം പിട്രോഡയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വർഷങ്ങളായി സാങ്കേതിക സുരക്ഷാ മേഖലകളിലുൾപ്പെടെ വിവിധ കാറ്റഗറികളിലായി വളരെയധികം ഒഴിവുകൾ റെയിൽവേയിലുണ്ടായി ട്ടുണ്ടെന്നും ഇത് റെയിൽവേയുടെ പ്രവർത്തനത്തേയും സുരക്ഷാ ക്രമീകരണത്തേയും പ്രതികൂല മായി ബാധിക്കാനിടയുണ്ടെന്നും, 2011-12 ൽ അത്തരം ഒഴിവുകൾ നികത്തുവാൻ 80,000 ൽ കൂടുതൽ ആൾക്കാരെ റിക്രൂട്ട് ചെയ്തതായും 2012-13 ൽ ഒരു ലക്ഷത്തിലധികം ആൾക്കാരെ പുതുതായി റിക്രൂട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു എന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തിന് അനുവദിച്ച കോച്ച് ഫാക്ടറിയും വാഗൺ ഫാക്ടറിയും പ്രാവർത്തികമാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിഹാര നിർദ്ദേശങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) യും (ഡി) യും | പാലക്കാട് റയിൽ കോച്ച് ഫാക്ടറി 550 കോടി രൂപ ചിലവിൽ റയിൽവേയ്ക്ക് 26% ഓഹരിക്കുള്ള കൂട്ടു സംരംഭം വഴി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. അതിനായി 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി റയിൽവേ ആവശ്യപ്പെട്ടതു പ്രകാരം റയിൽവേക്ക് കൈമാറ്റം ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ചേർത്തല വാഗൺ ഫാക്ടറിക്കായി AUTOKAST ന്റെ 40 ഏക്കർ ഭൂമി നല്ലാമെന്ന നിർദ്ദേശം നിലനിൽക്കെ റയിൽവേ ഫാക്ടറിക്കായി 60 ഏക്കർ സ്ഥലം ആവശ്യപ്പെട്ടു. ആ നിർദ്ദേശം സംസ്ഥാന |
| (സി) | ഭൂമി ഏറ്റെടുത്ത് കൈമാറാത്തതാണ് ഈ പദ്ധതികൾ പ്രാവർത്തികമാകാത്തതിന് കാരണമെന്ന കേന്ദ്ര റയിൽവേ മന്ത്രിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിന് എന്ത് അടിയന്തിര നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | സർക്കാർ റയിൽവേയും ബന്ധപ്പെട്ട വകുപ്പുമായും 4.4.2012 നുള്ള യോഗത്തിൽ ചർച്ച ചെയ്തു നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ